(ഇ) ഇതുവരെ ലഭിച്ച അപേക്ഷകളിൽ അർഹരായവർക്കെല്ലാം സംസ്ഥാന പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(എഫ്) വിവരം ലഭ്യമായിട്ടില്ല.

19 (2204) സൈനികരുടെ ആശ്രിതർക്കുള്ള നിയമനം

ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈനിക സേവനത്തിൽ ഏർപ്പെട്ടിരിക്കവെ മരണപ്പെട്ടിട്ടുള്ളവരുടെ ആശ്രിതനിയമനത്തിനായി എത്ര അപേക്ഷകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) സൈനികക്ഷേമ വകുപ്പ് ഇത്തരത്തിലുള്ളവരുടെ ആശ്രിതരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(സി) ആശ്രിത നിയമനത്തിന് കാലതാമസം വരുന്നതായ പരാതികൾ സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആശ്രിതർക്ക് കേന്ദ്രസർവ്വീസിലാണോ അതോ സംസ്ഥാന സർവ്വീസിലാണോ നിയമനം നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) അപേക്ഷകർക്ക് എത്രയുംവേഗം നിയമനം ലഭിക്കുവാൻ ആവശ്യമായ സമ്മർദ്ദം കേന്ദ്രസർക്കാരിൽ ചെലുത്തുമോ?

ഉത്തരം

(എ) സൈനിക സേവനത്തിലിരിക്കെ യുദ്ധത്തിലോ യുദ്ധസമാന സാഹചര്യത്തിലോ കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് സംസ്ഥാന സർവ്വീസിൽ നിയമനം നൽകുവാനുള്ള 9 അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. കൂടാതെ 36 അപേക്ഷകൾ സൈനികക്ഷേമ വകുപ്പിലും ലഭിച്ചിട്ടുണ്ട്.

(ബി) ഗവണ്മന്റിൽ ലഭിച്ച അപേക്ഷകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്.

(സി) ഇല്ല. സർക്കാരിന് ലഭിക്കുന്ന അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പാക്കാറുണ്ട്.

(ഡി) യുദ്ധത്തിലോ സമാനസാഹചര്യത്തിലോ കൊല്ലപ്പെടുന്ന സൈനികന്റെ രണ്ട് ആശ്രിതർക്ക് കേന്ദ്രസർവ്വീസിലും ഒരാൾക്ക് സംസ്ഥാന സർവ്വീസിലും ജോലി ലഭിക്കും. മരണം യുദ്ധത്തിലോ യുദ്ധസമാനസാഹചര്യത്തിലോ അല്ലെങ്കിൽ സംസ്ഥാന സർവ്വീസിൽ ജോലിക്ക് അർഹതയില്ല.

(ഇ) കാലതാമസം സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അടിയന്തിര നടപടി സ്വീകരിക്കാൻ ശുപാർശ ചെയ്യാറുണ്ട്.

20 (2205) സ്വാതന്ത്ര്യസമര സേനാനികളുടെ ആശ്രിതർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :

LIBRARY ARCHIVES Kerala Legislative Assembly